പരിശീലനത്തിന് രാജീവ്ഗാന്ധി നഗറിൽ ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം തുടങ്ങുകയും ജി.ഐ.എസ്. നടപ്പിലാക്കുവാൻ ഒരു സാങ്കേതിക വിദഗ്ദ്ധനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ആവിഷ്കരിക്കുന്നതിന് 'റൈറ്റ്സ് ന്യൂഡൽഹി' എന്ന സ്ഥാപനത്തിനെ കൺസൾട്ടൻസിയായി നിയമിച്ചിട്ടുണ്ട്. ഈ വകുപ്പിന്റെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 18.89 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. ഒരു സംയോജിത വനസംരക്ഷണ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. വനത്തിന്റെ സമഗ്രമായ സംരക്ഷണവും ജൈവ പരിപാലനവുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. വർക്കിംഗ് പ്ലാൻ തയ്യാറാക്കൽ, സർവ്വേ ഡീമാർക്കേഷൻ പൂർത്തിയാക്കി വനാതിർത്തി സംരക്ഷിക്കുക, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, വനങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) വനാതിർത്തിയോടു ചേർന്നുകിടക്കുന്ന വനപ്രദേശത്തിന്റെ പരിപാലനം, ആദിവാസി ഊരുകളെ അടിസ്ഥാനപ്പെടുത്തി അടിയന്തിര വനവിഭവങ്ങളുടെ സ്ഥായിയായ നിലനിൽപ്പ് ഉറപ്പാക്കിക്കൊണ്ടുള്ള ഉൾവനങ്ങളുടെ പരിപാലനം, ഇടുക്കി ജില്ലയിലെ ഹൈറേഞ്ചിലുള്ള ഏലക്കാടുകളിലെ പാരിസ്ഥിതിക ഭദ്രത ഉറപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഏലക്കാട് പങ്കാളിത്ത പരിപാലനം, വനങ്ങളുടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം ഇവയാണ് ഇപ്പോൾ വനപങ്കാളിത്ത വനസംരക്ഷണത്തിൽ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.

കയർ മേഖലയിൽ മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ് പദ്ധതി

*17 [900] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്രവിഹിതം ലഭിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) 1999-2000 വരെ കയർ മേഖലയിൽ നിലവിലുണ്ടായിരുന്ന റിബേറ്റ് പദ്ധതിക്ക് പകരമായി 2000-2001 മുതൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ്. സഹകരണ മേഖലയിലും, പൊതുമേഖലയിലും മിനിമം കൂലിയും മറ്റ് ആനുകൂല്യങ്ങളും കയർത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തി അതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ ഉന്നമനവും മികച്ച തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന കയറിന്റേയും കയറുൽപ്പന്നങ്ങളുടെയും വിപണനം പ്രോൽസാഹിപ്പിക്കുക, വിൽപ്പന വർദ്ധിപ്പിക്കുന്നതിന് കയർമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർഫെഡ്, കയർ സഹകരണ സംഘങ്ങൾ, കയറുൽപ്പാദന സഹകരണ സംഘങ്ങൾ എന്നിവയ്ക്കും വർഷം മുഴുവൻ ധനസഹായം ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഉണ്ട്.

(ഡി) 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.ഡി.എഫ്. 2000-01 വർഷത്തേക്ക് കേന്ദ്രവിഹിതമായി 80 ലക്ഷം രൂപയും 2001-02 വർഷത്തേക്ക് 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയിൽ 2000-01 വർഷത്തെ 80 ലക്ഷം രൂപയും 2001-02 വർഷം അനുവദിച്ച തുകയിൽ 60 ലക്ഷം രൂപയും ഉൾപ്പെടെ രണ്ടു വർഷത്തേക്ക് 140 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ആകെ വിൽപ്പനയുടെ ശരാശരിയുടെ 10 ശതമാനമാണ് എം. ഡി. എ.-യായി നൽകുന്നത്. സംസ്ഥാനത്തിന് ആവശ്യമായ വിഹിതത്തിന്റെ 50% കേന്ദ്ര വിഹിതമായി ലഭിക്കുന്നില്ല. 50% കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തിവരുന്നു. എന്നാൽ കയർബോർഡിന്റെ ബഡ്ജറ്റിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് കേന്ദ്രവിഹിതം തരിക എന്ന നിബന്ധനയുള്ളതു കൊണ്ട് ബഡ്ജറ്റിലുള്ള വിഹിതം മാത്രമേ നൽകാനാവൂ എന്നാണ് കേന്ദ്രം ഇപ്പോഴും അറിയിച്ചിട്ടുള്ളത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുപണ വിനിയോഗം നിയന്ത്രിക്കാൻ നടപടി

1 [5455] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുപണ വിനിയോഗം നിയന്ത്രിക്കാൻ പുതുതായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) ഇത്തരം നടപടികൾ സ്വീകരിക്കുന്നതിന്റെ പശ്ചാത്തലവും ലക്ഷ്യവും വിശദീകരിക്കുമോ?

ഉത്തരം

(എ) പൊതുപണ വിനിയോഗം നിയന്ത്രിക്കാൻ നിലവിലുള്ള നടപടികൾതന്നെ കർശനമായി തുടരാനാണ് ഉദ്ദേശിക്കുന്നത്.

(ബി) രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെലവ് ചുരുക്കി സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടത് അനിവാര്യമാണ്.

വാർഷിക പദ്ധതിക്ക് കേന്ദ്രസഹായമായി ലഭിച്ച തുക

2[5456] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly